(8) ഏലം, കുരുമുളക് വിലയിടിവിനെത്തുടർന്ന് ഇടുക്കി ജില്ലയിലെ കൃഷിക്കാർ നേരിടുന്ന പ്രതിസന്ധി

ശ്രീ. കെ. കെ. ജയചന്ദ്രൻ : സർ, ഇടുക്കി ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട രണ്ട് കാർഷിക വിളകളാണ് ഏലവും കുരുമുളകും. കുരുമുളകിന്റെ വില 240 രൂപ ആയിരുന്നത് ഇപ്പോൾ 58 രൂപയായി കുറഞ്ഞിരിക്കുകയാണ്. കഴിഞ്ഞ വർഷം വലിയ വിലയിടിവ് ഉണ്ടായിരുന്ന സന്ദർഭത്തിൽ 75 രൂപ അടിസ്ഥാനവിലയായി നിശ്ചയിച്ച് ഗവണ്മെന്റ് കുരുമുളക് ശേഖരിക്കുകയുണ്ടായി. എന്നാൽ, ഈ പ്രാവശ്യം കുരുമുളകിന് ഇത്ര കുറഞ്ഞ വില വന്നിട്ടും ഗവണ്മെന്റ് അത്തരം ഒരു നീക്കം ഇതുവരെ ആരംഭിച്ചിട്ടില്ല. അതുകൊണ്ട് അടിയന്തിരമായി കുരുമുളകിന് 75 രൂപയിൽ കുറയാത്ത തറവില നിശ്ചയിച്ച് എടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. മറ്റൊന്ന് 800 രൂപ ഉണ്ടായിരുന്ന ഏലത്തിന്റെ വില 190 രൂപയായി കുറഞ്ഞിരിക്കുകയാണ്. അതിന്റെ ഫലമായി ഈ മേഖലയിൽ പണിയെടുക്കുന്ന പതിനായിരക്കണക്കിന് തൊഴിലാളികൾക്ക് തോട്ടം അടഞ്ഞുവരുന്നതിനെത്തുടർന്ന് ജോലി നഷ്ടപ്പെടുന്ന സ്ഥിതിവിശേഷമാണുള്ളത്. അതുകൊണ്ട് ഏലത്തിനും തറവില നിശ്ചയിക്കുന്ന നടപടി സ്വീകരിക്കണം. ഇറക്കുമതി ഒരു വലിയ പ്രശ്നമാണ്. കഴിഞ്ഞ വർഷം 13,500 ടൺ കുരുമുളകാണ് ആകെ ഉൽപ്പാദിപ്പിച്ചത്. എന്നാൽ കയറ്റി അയച്ചത് 17,500 ടൺ ആണ്. മലേഷ്യയിൽനിന്നും ഇൻഡോനേഷ്യയിൽനിന്നും സിലോൺ വഴി വരുന്ന ഇറക്കുമതി ഇവിടത്തെ കുരുമുളക് കൃഷിയെ പ്രതികൂലമായി ബാധിക്കുന്നു. 42,000 ടൺ ഏലം ഉൽപ്പാദിപ്പിക്കുന്നുണ്ടെങ്കിലും നേപ്പാളിൽ കൊണ്ടുപോകാനെന്ന രീതിയിൽ കൊൽക്കത്ത തുറമുഖം വഴി വരുന്ന ഏലം ഇറക്കുമതി വളരെ ഗൗരവമായിട്ടുള്ളതാണ്. അതുകൊണ്ട് ഏലവും കുരുമുളകും ഇറക്കുമതി ചെയ്യുന്നത് തടസ്സപ്പെടുത്താനും തറവില നിശ്ചയിക്കാനും സംസ്ഥാന ഗവണ്മെന്റ് എടുക്കുന്ന നടപടിയിൽ കേന്ദ്ര ഗവണ്മെന്റിനെ ഇടപെടുത്താനും ആവശ്യമായ പ്രോജക്ട് തയ്യാറാക്കണമെന്നതാണ് എന്റെ ആവശ്യം.

കൃഷിയും കയറും വകുപ്പുമന്ത്രിക്കുവേണ്ടി സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ) : സർ, 20-12-2004-ലെ ഗവണ്മെന്റ് ഉത്തരവ് പ്രകാരം കുരുമുളകിന് കിലോയ്ക്ക് 75 രൂപ വില ലഭിക്കത്തക്ക രീതിയിൽ മാർക്കറ്റിംഗ് ഫെഡറേഷൻ കുരുമുളക് സംഭരിക്കുകയുണ്ടായി. ആറ് കോടി രൂപ ഹാൻഡ്ലിംഗ് ചാർജിനും മറ്റുമായി നീക്കിവച്ചിട്ടുണ്ട്. സംഭരണത്തിനുവേണ്ടി 36 കോടി രൂപ കേരള സംസ്ഥാന സഹകരണ ബാങ്ക് അവർക്ക് ഓവർ ഡ്രാഫ്റ്റായി കൊടുത്തിട്ടുണ്ട്. ഇടുക്കി ജില്ലയിലെ കുരുമുളക് സംഭരണ പദ്ധതി പ്രകാരം 11,300 കർഷകരിൽ നിന്നും 2476 മെട്രിക് ടൺ കിലോഗ്രാമിന് 75 രൂപ നൽകി സംഭരിക്കുകയുണ്ടായി. ഇനി സംഭരണം തുടരണമോ എന്ന കാര്യം ഗവണ്മെന്റ് ആലോചിച്ചുവരികയാണ്. സ്പൈസസ് ബോർഡാണ് ഏലത്തിന്റെ കാര്യം കൈകാര്യം ചെയ്യുന്നത്. ഏതായാലും കേന്ദ്ര ഗവണ്മെന്റിനെ അറിയിക്കും. അതുപോലെ കുരുമുളക് ഇറക്കുമതി നിർത്തൽ ചെയ്യുന്നത് സംബന്ധിച്ചും കേന്ദ്ര ഗവണ്മെന്റിനെ അറിയിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly